ഇതിന്റെ പരാതിക്കാരായി, അങ്ങനെ ആ എക്സ്കിക്യൂട്ടീവ് ഓർഡർ വരാൻ കാരണവുമായി. നാട്ടുകാർ മാത്രമല്ല, ബഹുമാനപ്പെട്ട എ. കെ. ബാലൻ വളരെ അനുകൂലമായിരുന്നെങ്കിൽത്തന്നെ എതിരായി നിന്നവരുടെ പേരുകളൊന്നും ഞാൻ പറയുന്നില്ല. ഏതായാലും അതിന്റെ പേരിൽ അതും ക്യാൻസലായി. വീണ്ടും ഇക്കാര്യത്തിന് വേണ്ടി ശ്രമിക്കും, യാതൊരു സംശയവുമില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : സർ, വളരെ നല്ല നടപടികളാണ് അങ്ങ് സ്വീകരിക്കുന്നത്. പരിസ്ഥിതി ക്ലിയറൻസിനുവേണ്ടി പോകുന്നതിനപ്പുറം, അങ്ങ് തന്നെ നിർദ്ദേശം നൽകിയിട്ടും നടക്കാതെ പോയ ഒരു കാര്യമുണ്ട്. കേരളത്തിലൂടെ ഒഴുകിപ്പോകുന്ന നദികളിൽ ഇറിഗേഷൻ വകുപ്പും മറ്റുമൊക്കെ നിർമ്മിക്കുന്ന തടയണകളിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ജനറേറ്ററുകൾ വച്ച് കിട്ടുന്നതുയും വൈദ്യുതി ശേഖരിക്കണം. നമ്മുടെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. മുരളീധരൻ പറഞ്ഞതു പോലെ പാരമ്പര്യ ഊർജ്ജത്തിന്റെ ഭാഗമായി ഒഴുകിപ്പോകുന്ന വെള്ളത്തെ വൈദ്യുതിയാക്കി മാറ്റാനും ഒരു യൂണിറ്റെങ്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, അതിനുവേണ്ടിയുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. 536 മെഗാവാട്ട് മൂന്നു വർഷം കൊണ്ട് ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞതിൽ ഈ സ്കീമും ഉൾപ്പെടും.

2. കടാശ്വാസ കമ്മീഷന്റെ കാലാവധി

<u>ശ്രീമതി കെ. കെ. ലതിക</u> : സർ, കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് 18-1-2007-ൽ നിലവിൽവന്നു. പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന തീയതിക്കുമുമ്പ് കൃഷിക്കാരെടുത്ത കടങ്ങൾ മാത്രമാണ് സെക്ഷൻ 2 പ്രകാരം 'കടം' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 18-1-2007-നുശേഷം കൃഷിക്കാരെടുത്ത വായ്പകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നാൽ 2012-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ഭേദഗതി നിയമപ്രകാരം 31-10-2011 വരെ വയനാട് ജില്ലയിലെ കർഷകർ എടുത്ത വായ്പകൾക്ക് കടാശ്വാസം ലഭിക്കുന്നതിന് നിയമസാധുത നൽകിയിട്ടുണ്ട്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ നിന്ന് പോകുന്നതുവരെ കേരളത്തിൽ ഒറ്റ കർഷകനുപോലും കടബാധ്യതമൂലം ആത്മഹത്യ ചെയ്യേണ്ട സാഹചര്യം വന്നിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ സർവ്വസാധാരണമായിരിക്കുകയാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ തെറ്റായ സാമ്പത്തികനയംമൂലം കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ചയുണ്ടാകുന്ന സാഹചര്യം സംജാതമായതും ധനകാര്യ സ്ഥാപനങ്ങൾ ബ്ലേഡ് കമ്പനികളെപ്പോലെ പെരുമാറാൻ തുടങ്ങിയതും സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ഈ രംഗത്തില്ലാത്തതുമാണ് കർഷക ആത്മഹത്യകൾ കേരളത്തിൽ വീണ്ടുമുണ്ടാകുന്നതിന് കാരണമായിട്ടുള്ളത്. കേരളത്തിലെ റബ്ബർ കർഷകരും മറ്റ് നാണ്യവിള കർഷകരും ഉൽപ്പന്ന വിലത്തകർച്ചമൂലം ഇന്നനുഭവിക്കുന്ന പ്രയാസങ്ങളും ഉത്കണ്ഠകളും വിവരണാതീതമാണ്. ഉൽപ്പാദനചെലവ് ലഭിക്കാത്തതുമൂലം റബർ കർഷകർ ടാപ്പിംഗ് നടത്തുന്നില്ല. തമിഴ്നാട്ടിലും ശ്രീലങ്കയിലും ഉൽപ്പാദനം കുറഞ്ഞതുകാരണം തേങ്ങയ്ക്ക് ഇടക്കാലത്ത് നല്ല വില ലഭിച്ചു. എന്നാൽ അതും ഇപ്പോൾ കുറഞ്ഞുവരുന്ന അവസ്ഥയാണുള്ളത്. സർക്കാരിന്റെ സാമ്പത്തികനില പൂർണ്ണമായും തകർന്നടിഞ്ഞതുമൂലം നിർമ്മാണ മേഖലയും സ്തംഭിച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാറിനിന്ന വറുതിയുടെ കാലം വീണ്ടും പടികയറി വരുന്ന അവസ്ഥയാണുള്ളത്. കേരളത്തിലെ കൃഷിക്കാരെ ആത്മഹത്യയുടെ വക്കിൽനിന്നും രക്ഷിച്ചേ മതിയാകൂ. ആയതിന് കാർഷിക കടാശ്വാസ കമ്മീഷൻ നിയമത്തിൽ ഭേദഗതി കൊണ്ടുവന്ന് 31-3-2014-ന് കാലാവധി കഴിഞ്ഞതും കൃഷിക്കാർ എടുത്തിട്ടുള്ളതുമായ മുഴുവൻ കടങ്ങളും കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവരണം. കൂടാതെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, 2015 ജൂൺ മാസത്തിൽ കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിക്കുകയാണ്. കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടിനൽകുന്നതിനാവശ്യമായ ഭേദഗതി കൊണ്ടുവരുന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നതിനുശേഷവും കേരളത്തിൽ കർഷക ആത്മഹത്യകളുണ്ടായിട്ടുണ്ട്. കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് 2006-ലെ കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഈ ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനുമുമ്പോ ഒരു കർഷകനിൽനിന്നും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കുന്നതിലേർപ്പെട്ടിരിക്കുന്ന ഒരാളിനോ ലഭിക്കാനുള്ള ബാദ്ധ്യതകളാണ് കടാശ്വാസത്തിനായി കമ്മീഷൻ പരിഗണിക്കുന്നത്. എന്നാൽ കർഷകൻ തന്റെ വരുമാന വർദ്ധനവിനായി

കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ ആഡംബരത്തിനോ എടുത്തിട്ടുള്ള കടങ്ങൾ കടാശ്വാസത്തിനായി പരിഗണിക്കുന്നതല്ല. 20-2-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 31-5-2009 -ആയി നിശ്ചയിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിൽ കർഷക ആത്മഹത്യ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠിക്കുകയും പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരിൽനിന്നും നിലവിൽ കമ്മീഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. വയനാട് ജില്ലയിൽ മാത്രമാണ് ഈ സൗകര്യം ഇപ്പോഴും നിലവിലുള്ളത്. അതുപ്രകാരമുള്ള അപേക്ഷ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ടുവർഷ കാലമായിട്ട് കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല. 2014 മാർച്ച് 31 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീമതി കെ. കെ. ലതിക</u> : സർ, 2015 ജൂൺ മാസത്തോടുകൂടി കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി കഴിയുകയാണ്. കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടുന്നതിന് നിയമ ഭേദഗതി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, അത് ഒറ്റയടിക്ക് പയാൻ സാദ്ധ്യമല്ല. കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടാൻ കഴിയുമോ എന്നുള്ളകാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

11.00 AM]

IV സബ്മിഷൻ

1. ഇടുക്കി പാക്കേജ്

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, വളരെ സുപ്രധാനമായ കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള ഇടുക്കി പാക്കേജിന് 2008 നവംബർ മാസം 20-ാം തീയതിയാണ് കേന്ദ്രാനുമതി ലഭിച്ചത്. 765 കോടി രൂപയായിരുന്ന അടങ്കൽ തുക

LIBRARY ARCHIVES Kerala Legislative Assembly